## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5136 22/05/2017 -ലെ മറുപടി**

## <u>ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ്</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. ഉമ്മർ** | **മാത്യു റ്റി തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് എന്ന ലോകബാങ്ക് സ്കീമിൽ എത്ര ഡാമുകളെ ഉൾപ്പെടുത്താനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻ കര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി, പെരിയാർവാലി, മൂലത്തറ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റിയാടി എന്നീ 16 ഡാമുകൾ,ബാരേജുകൾ,റഗുലേറ്ററുകൾ എന്നിവയും ഡാമുകളുടെ സർവ്വിലൻസ്, ഇൻസ്ട്രുമെന്റേഷൻ . എന്നിവയും തിരുവനന്തപുരത്തെ ഡാം സേഫ്റ്റി ഹെഡ് ക്വോർട്ടേഴ്സിന്റെ നിർമ്മാണവുമാണ് DRIP പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ജലസേചന വകുപ്പിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി യുടെ അധീനതയിലുള്ള 37 ഡാമുകളാണ് ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര കോടി രൂപ 2016-17 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട് ; എത്ര തുക ചെലവഴിച്ചു ; | (ബി) പ്രസ്തുത പദ്ധതിയ്ക്കായി 40 കോടി രൂപ 2016-17 വർഷത്തിൽ ജലസേചന വകുപ്പിന് വകയിരുത്തിയിരുന്നു. ഇതിൽ 39,93,10,871/- രൂപ വകുപ്പ് ചെലവഴിച്ചു.<br>കെ.എസ്.ഇ.ബിയ്ക്ക് വേണ്ടി 2016-17 വർഷത്തിൽ പദ്ധതിയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ വക ഇരുത്തിയ തുക – 25 കോടി<br>2016-17 വർഷത്തിൽ 31.78 കോടി രൂപ KSEBL ചെലവഴിച്ചിട്ടുണ്ട്. |
| സി)പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ കഴിഞ്ഞ അഞ്ച് വർഷം വകയിരുത്തിയ തുകയുടെയും ചെലവാക്കിയ തുകയുടെയും കണക്കുകൾ വിശദമാക്കാമോ ; | സി) |

**ജലസേചന വകുപ്പിന് ബഡ്ജറ്റ് ശീർഷകത്തിൽ കഴിഞ്ഞ അഞ്ച് വർഷം വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു**

| വർഷം | ബഡ്ജറ്റ് വിഹിതം (കോടി) | ചെലവഴിച്ച തുക |
|---|---|---|
| 2012-13 | 42.5 | 85,26,000/- |

| | | |
|---|---|---|
| 2013-14 | 40 | 2,49,24,343/- |
| 2014-15 | 30 | 6,47,23,953/- |
| 2015-16 | 40 | 7,36,98,896/- |
| 2016-17 | 40 | 39,93,10,871/- |

കെ.എസ്.ഇ.ബിയ്ക്ക് ബഡ്ജറ്റ് ശീർഷകത്തിൽ കഴിഞ്ഞ അഞ്ച് വർഷം വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു

| വർഷം | സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക (റിവൈസ്ഡ് ബഡ്ജറ്റ് അലോക്കേഷൻ പ്രകാരം (രൂപ കോടിയിൽ)) | ചെലവഴിച്ച തുക (രൂപ കോടിയിൽ) |
|---|---|---|
| 2012-13 | 18.75 | 0.05 |
| 2013-14 | 30 | 2.8 |
| 2014-15 | 32 | 3.33 |
| 2015-16 | 30 | 6.98 |
| 2016-17 | 25 | 31.78 |

ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര തുകയാണ് ജീവനക്കാർക്ക് ശമ്പളയിനത്തിൽ നൽകിയതെന്ന് വ്യക്തമാക്കുമോ ;

ഡി) ജലസേചന വകുപ്പ് DRIP- ന്റെ Head of Account ൽ നിന്നും ജീവനക്കാർക്ക് ശമ്പളം നൽകുന്നില്ല. കെ.എസ്.ഇ.ബിയിൽ ഡാം സേഫ്റ്റി വിഭാഗമാണ് ഡ്രിപ്പ് സ്കീമിൽപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നത്. ഡാം സേഫ്റ്റി വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളയിനത്തിൽ ചിലവാക്കിയ തുക 9.72 കോടി രൂപയാണ്.

ഇ) പ്രസ്തുത പദ്ധതിയിൽ തുക ചെലവഴിക്കുന്നതിന് എന്ത് സാങ്കേതിക തടസ്സമാണ് നിലവിലുണ്ടായിരുന്നത് ; വിശദമാക്കാമോ ;

ഇ) DRIP പദ്ധതിക്ക് 2012-ൽ ഉടമ്പടി വച്ചെങ്കിലും ലോകബാങ്കിന്റെ സഹായത്തോടെ നടത്തുന്ന ഈ പദ്ധതിയ്ക്ക് പല നിയന്ത്രണങ്ങളും ഉണ്ടായിരുന്നു. പദ്ധതികളുടെ അനുമതികൾക്കായി ഓരോ പദ്ധതികളുടെയും പ്രോജക്ട് സ്ക്രീനിംഗ് ടെംപ്ലേറ്റ് തയ്യാറാക്കി Central Water Commission (CWC) ന്റെയും ലോക ബാങ്കിന്റെയും അനുമതിയ്ക്കായി അയയ്ക്കേണ്ടതുണ്ട്. CWC യുടെ കീഴിലുള്ള സെൻട്രൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റേയും ലോക ബാങ്കിന്റെയും അനുമതി കിട്ടിയാൽ മാത്രമേ വിവിധ ജോലികളുടെ ടെൻഡർ നടപടികൾ നടത്തുവാൻ കഴിയുകയുള്ളൂ. പ്രോജക്ട് സ്ക്രീനിങ് ടെംപ്ലേറ്റ് അനുമതി ലഭിക്കുന്നതിനായി ഡാമുകളുടെ ഹൈഡ്രോളജി റിവ്യൂ പഠനങ്ങളുടെയും, ഡാം സേഫ്റ്റി റിവ്യൂ പാനൽ രൂപീകരിച്ച് അവരുടെ പരിശോധനകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിലാണ് പ്രോജക്ട് സ്ക്രീനിംഗ്

ടെംപ്ലേറ്റിന് അനുമതി നല്കുന്നത്. ഡാമുകളുടെ ഹൈഡ്രോളജി റിവ്യൂ നടത്തുന്നതിനും അവയുടെ അനുമതി ലഭ്യമാക്കുന്നതിനും അതുപോലെ ഡാം സേഫ്റ്റി റിവ്യൂ പാനലിന്റെ പരിശോധനകൾക്കും വേണ്ടി വളരെയധികം സമയം വേണ്ടി വന്നു. ഇത്തരത്തിലുള്ള തയ്യാറെടുപ്പുകൾക്കും ലോക ബാങ്ക്, CWC തുടങ്ങിയ സ്ഥാപനങ്ങളുടെ അനുമതി ലഭ്യമാകുന്നതിനും കൂടുതൽ സമയം വേണ്ടി വന്നതിനാൽ വിഭാവനം ചെയ്ത തരത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആദ്യഘട്ടങ്ങളിൽ നടത്തുന്നതിന് കാലതാമസം നേരിട്ടു, 2015-ഓടു കൂടി സ്ഥിതിഗതികൾ മെച്ചപ്പെടുകയും ഡാമുകളുടെ വർക്കുകൾ ടെണ്ടർ ചെയ്യുകയും ചെയ്തു. പല രൂപത്തിൽ ഉണ്ടായ വ്യവഹാരങ്ങളും തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

എഫ്) തുക ചെലവഴിക്കാൻ കഴിയാതെ ഫണ്ട് ലാപ്സാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

എഫ്) തുക ചെലവഴിക്കാൻ കഴിയാതെ ഫണ്ട് ഇതു വരെ ലാപ്സായിട്ടില്ല.

സെക്ഷൻ ഓഫീസർ